

WEDNESDAY 18/06/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)

**18/06/2025**

1. മാടപ്പള്ളി ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ജൈവ കർഷകർ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങളുടേയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടേയും ജൈവ കാർഷിക ഉപാധികളുടെയും പ്രദർശനവും വിപണനവും 2025 ജൂൺ 19, 20 തീയതികളിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നടത്തുന്നു. ജൈവം -2025 ൻ്റെ ഉദ്ഘാടനം 2025 ജൂൺ 19 രാവിലെ 10 മണിക്ക് ചങ്ങനാശ്ശേരി എം.എൽ.എ അഡ്വ. ജോബ് മൈക്കിൾ നിർവഹിക്കുന്നതാണ്. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാർഷികപദ്ധതിയിൽ ജൈവ പച്ചിലവർഗ്ഗ കൃഷിയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യപച്ചയുടെ ഉദ്ഘാടനം ജൂൺ 20 ഉച്ചയ്ക്ക് 12.30 ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ഹേമലത പ്രേംസാഗർ നിർവ്വഹിക്കുന്നതാണ്. ഇതോടൊപ്പം ആത്മ കോട്ടയത്തിൻ്റെ ആഭിമുഖ്യത്തിൽ കർഷക ശാസ്ത്രഞ്ജ മുഖാമുഖവും നടത്തുന്നതാണ്. നാടൻ ഭക്ഷ്യ വിഭവങ്ങളുടെ സ്റ്റാളും വിദ്യാർഥികൾക്ക് കാർഷിക ക്വിസ് മത്സരവും ഇതോടൊപ്പം നടത്തുന്നു. മികച്ച ജൈവ കർഷരെ ആദരിക്കുന്നതുമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ഞാറ്റുവേല കാർഷിക വിപണന മേളയും സാംസ്കാരിക പരിപാടിയും കാക്കനാട് ഓണം പാർക്കിൽ 18 മുതൽ 27 വരെ നടക്കും. തൃക്കാക്കര സാംസ്കാരിക കേന്ദ്രം, തൃശൂർ കാർഷിക ഫല വൃക്ഷപ്രചാരക സമിതി, ഹരിത കേന്ദ്രം എന്നിവ ചേർന്നാണ് ഞാറ്റുവേല സംഘടിപ്പിക്കുന്നത്. അടുക്കളത്തോട്ടം, തേനീച്ച വളർത്തൽ, കോഴിവളർത്തൽ, എൽഇഡി ബൾബ് നിർമാണം എന്നിവയിൽ സൗജന്യ തൊഴിൽ പരിശീലനം നൽകും. ദിവസവും കാർഷിക സെമിനാറുകളും കലാപരിപാടികളും ഉണ്ടാകും.

3. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ ബി.എസ് സി. (ഹോണേഴ്സ്) അഗ്രികൾച്ചർ, ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ, ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് (ആർ എഫ് മോഡ്) പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് യോഗ്യരായ അപേക്ഷാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകർ സമർപ്പിക്കാനുള്ള അവസാന തിയതി 30.06.2025.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

4. .സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിൻ്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയായ ട്രീ ബാങ്കിംഗ് പദ്ധതിക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ജില്ലയിൽ സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വർഷം ലീസിന് ഭൂമി കൈവശമുള്ളവർക്കും ഭൂമിയുമായി ബന്ധപ്പെട്ട രേഖകളുമായി ആലപ്പുഴ, ചെങ്ങന്നൂർ സോഷ്യൽഫോറസ്ട്രി റെയിഞ്ച് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യാം. സർക്കാർ നിശ്ചയിച്ചിട്ടുള്ള വൃക്ഷതൈകളായ ചന്ദനം, തേക്ക്, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പിൾ, കരിമരുത്, കമ്പകം, വെൺതേക്ക്, ഈട്ടി മുതലായ വൃക്ഷതൈകൾ നട്ട് വളർത്തുന്ന വ്യക്തികൾക്ക് തൈ നട്ട് മൂന്ന് വർഷം മുതൽ 15 വർഷം വരെ ധനസഹായം ലഭിക്കും. 15 വർഷം പൂർത്തിയായതിനു ശേഷം സ്ഥലം ഉടമയ്ക്ക് മരങ്ങൾ സോഷ്യൽ ഫോറസ്ട്രി ഓഫീസിൻ്റെ അനുമതിയോടെ ആവശ്യാനുസരണം മുറിച്ച് ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാം. അവസാന തീയതി ജൂൺ 20.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിശദവിവരങ്ങൾക്ക് കൊമ്മാടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ് 0477-2246034.

5. കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ചിക്കൻ ഫാമുകൾ തുടങ്ങാൻ അവസരം. സ്വന്തമായി ബ്രോയിലർ ഫാം ഷെഡ് ഉള്ളവർക്കും ബ്രോയിലർ കോഴി ഫാം നടത്തുന്ന കുടുംബശ്രീ അംഗങ്ങൾക്കും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കും അംഗമാകാം. കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞ്, തീറ്റ, മരുന്ന് എന്നിവ കമ്പനി നൽകും. വളർച്ചയെത്തി 45 ദിവസത്തിനുള്ളിൽ കമ്പനി കുടുംബശ്രീയുടെ ഔട്ട്ലറ്റുകൾ വഴി ഇറച്ചികോഴി വിപണനംനടത്തും. ഫാമുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സിഡിഎസുകൾ വഴി അപേക്ഷിക്കാം. കുടുംബശ്രീയിൽ നിന്ന് ഒന്നരലക്ഷം രൂപവരെ ലോൺ അനുവദിക്കും.

6. റബ്ബർതോട്ടങ്ങളിൽ മണ്ണു - ജലസംരക്ഷണം എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെൻ്ററിൽ വിളിക്കാം. ഇതു സംബന്ധമായ ഇന്നു രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക്

ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്പ്മെൻ്റ് ഓഫീസർ ഫോണിലൂടെ മറുപടി പറയും. കോൾസെൻ്റർ നമ്പർ 0481-2576622.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര CPBMB കോളേജിൽ താഴെ പറയുന്ന ടിഷ്യു കൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വാഴ (ഗ്രാൻഡ് നൈൻ) 20 രൂപഇഞ്ചി മൈക്രോറൈസോം (ആതിര) 5 രൂപ കൂടുതൽ വിവരങ്ങൾക്കായി: 9048178101, 9747154013

## പ രിശീലന പരിപാടി

8. കേരള വെറ്ററിനറി ആൻ്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കൈമനം ബി.എസ്.എൻ.എൽ. - ആർ.ടി.ടി.സി. ക്യാമ്പസിലുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിൽ സംരംഭകർക്കും, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കുമായി പാലുല്പന്നങ്ങൾ, പ്രോബയോട്ടിക് ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ പരിശീലന പരിപാടി 2025 ജൂലൈ 9 മുതൽ 11 വരെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നുണ്ട്. താൽപര്യമുള്ളവർ 6238754712, 9497849625 എന്നീ നമ്പരുകളിൽ വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക.

**കാർഷിക നിർദേശം**

9. ചേനയുടെ കടചീയൽ

വിത്ത് ചേന കഷ്ണങ്ങൾ രോഗ കീട വിമുക്തമാക്കുന്നതിനായി ചാണക പാലിൽ സ്യൂഡോമോണാസ് 20 g/lt എന്ന തോതിൽ ചേർത്ത് കുഴമ്പിൽ മുക്കി തണലിൽ ഉണക്കി നടുക. നടുന്ന കുഴിയിൽ ട്രൈക്കോഡെർമ സംമ്പുഷ്ടീകരിച്ച കിലോഗ്രാം എന്ന തോതിൽ ഇട്ട് നടാവുന്നതാണ്.

ചേനയ്ക്ക് മണ്ണ് അടിപ്പിക്കുന്ന സമയം കടചീയൽ സാധ്യതയുള്ളതിനാൽ സ്യൂഡോമോണാസ് 20 g/lit എന്ന തോതിൽ കലക്കി ഇലകളിലും തണ്ടിലും ചുവട്ടിലും ഒഴുക്കുന്നത് ഉണ്ടാകുന്ന മുറിവിലൂടെ കടചീയൽ രോഗം ഉണ്ടാകുന്നതിനെ തടയാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം